സാമ്പിൾ ശേഖരിച്ച് പരിശോധിക്കുന്നുണ്ട്. പരിശോധനയിൽ നിശ്ചിത വീര്യത്തേക്കാൾ കൂടുതലായി കണ്ടാൽ കുറ്റക്കാരുടെ പേരിൽ ജാമ്യമില്ലാത്ത കേസ്സ് രജിസ്റ്റർ ചെയ്തു നടപടി സ്വീകരിക്കുന്നു.

പ്രാഥമിക സഹകരണസംഘങ്ങൾ മിച്ച സംഖ്യ ട്രഷറിയിൽ നിക്ഷേപിക്കണമെന്ന നിർദ്ദേശം

28 (*88)ശ്രീ. ബി. വിജയകുമാർ :

ശ്രീ. കെ. സുധാകരൻ :

ശ്രീ. അടൂർ പ്രകാശ് :

ശ്രീ. കെ.എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാഥമിക സഹകരണസംഘങ്ങൾ അവയുടെ മിച്ച സംഖ്യ ജില്ലാ സഹകരണ ബാങ്കുകളിൽ നിന്നും പിൻവലിച്ച് ആറര വർഷ കാലാവധിക്ക് സംസ്ഥാന ട്രഷറികളിൽ നിക്ഷേപിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനുള്ള കാരണമെന്ത്;

(സി) ഇതുമൂലം പ്രാഥമിക സഹകരണ സംഘങ്ങൾക്ക് അവയുടെ വക പണം അവർക്കാവശ്യമുള്ളപ്പോൾ പിൻവലിക്കുവാൻ കഴിയുമോ;

(ഡി) ഇതുമൂലം പ്രാഥമിക സംഘങ്ങളുടെ ഇടപാടുകാർക്ക് യഥാസമയം പണം നൽകുന്നതിൽ തടസ്സമുണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ അതിന് എന്ത് പരിഹാരമാണ് നിർദ്ദേശിക്കാനുള്ളത് എന്ന് വ്യക്തമാക്കുമോ?

ധനകാര്യ വകുപ്പുമന്ത്രി ശ്രീ. ടി. ശിവദാസമേനോൻ) :

(എ) പ്രാഥമിക സംഘങ്ങൾ അവരുടെ മിച്ച ഫണ്ട് ജില്ലാ ബാങ്കുകളിൽ നിന്നും പിൻവലിച്ച് ട്രഷറികളിൽ നിക്ഷേപിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടില്ല.

(ബി) - (ഇ) ബാധകമല്ല.

കേരളാ സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ ലാഭകരമാക്കാൻ നടപടി

29 (*89)ശ്രീ. കെ.എം. മാണി :

ശ്രീ. തോമസ് ചാഴിക്കാടൻ :

ശ്രീ. കെ. നാരായണക്കുറുപ്പ് :

ശ്രീ. സി.എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ നേരിടുന്ന നഷ്ടം സംബന്ധിച്ച് സർക്കാർ പഠനം നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ നഷ്ടം വരുവാനുള്ള കാരണങ്ങൾ എന്തൊക്കെയെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) കെ.എസ്.ആർ.ടി.സി.യെ ലാഭകരമായി മുന്നോട്ടുകൊണ്ടുപോകാൻ എന്തൊക്കെ നടപടി സ്വീകരിച്ചു വരുന്നുവെന്ന് വിശദമാക്കുമോ;

(ഡി) ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ കെ.എസ്.ആർ.ടി.സി.ക്ക് എത്ര കോടി രൂപ നഷ്ടമുണ്ടായിരുന്നുവെന്നും ഇപ്പോൾ കെ.എസ്.ആർ.ടി.സി. എത്ര കോടി രൂപ നഷ്ടത്തിലാണെന്നും വ്യക്തമാക്കുമോ;

(ഇ) കൂടുതൽ സ്ഥലങ്ങളിലേക്ക് സർവ്വീസ് നടത്തുന്നതിനുവേണ്ടി ഈ സാമ്പത്തിക വർഷം പുതിയ ബസ്സുകൾ വാങ്ങിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര ബസ്സുകൾ വാങ്ങിയിട്ടുണ്ടെന്നും ഈ ഇനത്തിൽ എത്ര രൂപ ചെലവായിട്ടുണ്ടെന്നും വെളിപ്പെടുത്താമോ;

(എഫ്) ഇപ്രകാരം വാങ്ങിയ ബസ്സുകൾ ഏതൊക്കെ ജില്ലകളിൽ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. സി.കെ. നാണു) :

(എ) & (ബി) സർക്കാർ തലത്തിൽ പഠനം നടത്തിയിട്ടില്ല. എന്നാൽ കെ.എസ്.ആർ.ടി.സി-യെപ്പറ്റി പഠനം നടത്തുവാനായി സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്പ്മെന്റിനെ കോർപ്പറേഷൻ തന്നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പഠന റിപ്പോർട്ട് ലഭിച്ചിട്ടില്ല.

(സി) ഹഡ്കോ, മീനച്ചൽ ഈസ്റ്റ് അർബൻ കോപ്പറേറ്റീവ് ബാങ്ക്, പാലക്കാട് ഡിസ്ട്രിക്ട് കോപ്പറേറ്റീവ് ബാങ്ക് എന്നീ ധനകാര്യസ്ഥാപനങ്ങളിൽ നിന്നും വായ്പ എടുക്കുവാനും ആ തുക ഉപയോഗിച്ച് വാങ്ങുന്ന ബസ്സുകൾ ദീർഘദൂര റൂട്ടുകളിലും ലാഭകരമായ മറ്റ് റൂട്ടുകളിലും ഓടിക്കുവാൻ തീരുമാനിക്കുകയും ഹഡ്കോയിൽ നിന്നും ആദ്യ ഗഡുവായി ലഭിച്ച വായ്പ ഉപയോഗിച്ച് വാങ്ങിയ ബസ്സുകൾ ഓടിച്ചു തുടങ്ങുകയും ചെയ്തു. ജീവനക്കാരുടെ കുറവുമൂലം സർവ്വീസ് റദ്ദാക്കൽ ഒഴിവാക്കുവാനുമായി നിയമനങ്ങൾ നടത്തുന്നത് ത്വരിതപ്പെടുത്തിയിട്ടുണ്ട്. ബസ്സ് ബോഡി നിർമ്മാണ വസ്തുക്കളും സ്പെയർ പാർട്ടുകളും ഗുണമേൻമയുള്ളവ മാത്രമേ വാങ്ങുകയുള്ളൂ എന്ന് ഉറപ്പുവരുത്തിയിട്ടുണ്ട്. ലാഭകരമല്ലാത്ത സർവ്വീസുകൾ കണ്ടെത്തുകയും സമയം പുനക്രമീകരിച്ച് ലാഭകരമാക്കി ഓടിക്കുവാനുള്ള നിർദ്ദേശം യൂണിറ്റ് ഓഫീസർമാർക്ക് നൽകുകയും ചെയ്തിട്ടുണ്ട്. അതിന്റെ കുറവുള്ള യൂണിറ്റുകളിൽ ലഭ്യത അനുസരിച്ച് പുതിയ ബസ്സുകൾ നൽകി തുടങ്ങി. വാഹനാപകടംമൂലം ഭീമമായ തുക നഷ്ടപരിഹാരം നൽകുന്നത് ഒഴിവാക്കാനായി ഫാസ്റ്റ് പാസഞ്ചർ സർവ്വീസ് ഉൾപ്പെടെയുള്ള സൂപ്പീരിയർ ക്ലാസ് സർവ്വീസുകൾ ഇൻഷുർ ചെയ്യുന്നുണ്ട്. റിസർവേഷൻ സൗകര്യങ്ങൾ വ്യാപകമാക്കിയിട്ടുണ്ട്. വരുമാന ചോർച്ച തടയുന്നതിനായി സർവ്വീസ് പരിശോധന കാര്യക്ഷമമാക്കുന്നതിന് സ്കാഡ് യൂണിറ്റുകൾ സജീവമാക്കി. ജീവനക്കാർക്ക് ഇൻസന്റീവ് സ്കീം നടപ്പിലാക്കുക വഴിയും വരുമാനം വർദ്ധിപ്പിക്കുവാൻ വേണ്ട നടപടി സ്വീകരിച്ചു.

(ഡി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ കെ.എസ്.ആർ.ടി.സി-യുടെ 1995-96-ലെ സഞ്ചിത നഷ്ടം 293.74 കോടി രൂപ ആയിരുന്നു. 1998-99-ലെ കണക്കനുസരിച്ച് സഞ്ചിത നഷ്ടം 447.83 കോടി രൂപയാണ്.

(ഇ) ഉണ്ട്. ഈ സാമ്പത്തിക വർഷം 139 ബസ്സുകൾ പുതുതായി നിരത്തിലിറക്കിയിട്ടുണ്ട്. ഇതിനായി 13 കോടി രൂപ ഇതുവരെ ചെലവാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) എല്ലാ ജില്ലകളിലുമായി പ്രസ്തുത ബസ്സുകൾ സർവ്വീസ് നടത്തിപ്പിനു നൽകിയിട്ടുണ്ട്.

ജില്ല തിരിച്ചുള്ള വിവരം

കാസർഗോഡ്	-	3 ബസ്സുകൾ
കണ്ണൂർ	-	3 "
വയനാട്	-	7 "
കോഴിക്കോട്	-	17 "
തിരുവനന്തപുരം	-	27 "
കൊല്ലം	-	10 "
ആലപ്പുഴ	-	6 "
കോട്ടയം	-	33 "
ഇടുക്കി	-	5 "
എറണാകുളം	-	7 "
തൃശ്ശൂർ	-	13 "
പാലക്കാട്	-	2 "
മലപ്പുറം	-	6 "

കൊപ്രയ്ക്ക് പുതുക്കിയ വില

30 (*90)ശ്രീമതി രാധാ രാഘവൻ :

ശ്രീ. എഴുകോൺ നാരായണൻ :

പ്രൊഫസർ സാവിത്രി ലക്ഷ്മണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊപ്രയ്ക്ക് പുതുക്കിയ തറവിലയോ താങ്ങുവിലയോ ഏറ്റവും ഒടുവിൽ പ്രഖ്യാപിച്ചതെന്നാണ്; അത് എത്രയാണ്;

(ബി) ഇവ എത്രയായി പ്രഖ്യാപിക്കണമെന്നാണ് സംസ്ഥാന ഗവൺമെന്റ് ആവശ്യപ്പെട്ടിരുന്നത്;

(സി) ഇതിനുവേണ്ടി ഗവൺമെന്റ് എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

(ഡി) ഈ വർഷം കൊപ്രയുടെ താങ്ങുവിലയോ തറവിലയോ പ്രഖ്യാപിച്ചതെന്നാണെന്ന് പറയുമോ;

(ഇ) തേങ്ങയുടെ സീസൺ അവസാനിച്ചശേഷം ഇത് പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ ഇതുമൂലം സംസ്ഥാനത്തിന് വലിയ നഷ്ടം ഉണ്ടായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) 2000-ാമാണ്ടിലെ താങ്ങുവില കേന്ദ്രസർക്കാർ പ്രഖ്യാപിച്ചത് ഏപ്രിൽ 29-നാണ്. മില്ലിംഗ് കൊപ്ര ക്വിന്റലിന് 3250/- രൂപയും ഉണ്ട കൊപ്ര ക്വിന്റലിന് 3500/- രൂപയും ആയാണ് പ്രഖ്യാപിച്ചത്.

(ബി) 4100/- രൂപയും 4300/- രൂപയും വീതമായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly